بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 24/04/2015

## (05 RAJAB 1436 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

വളരെകാലം മുതൽ, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നാലാം ഖലീഫയുടെ കാലം മുതൽ തന്നെ, 1993 ന് മുമ്പ് തന്നെ, മുനീർ ജാവേദ് എന്ന പേരുള്ള ഒരു മനുഷ്യൻ ഖലീഫത്തുൽ മസീഹിന്റെ പ്രൈവറ്റ് സെക്രട്ടറി സ്ഥാനത്ത് ഇരിക്കുകയാണ്. അഹ്മദിയ്യാ ഖിലാഫത്തിന്റെ ശക്തനായ വക്താവായി സ്വയം ചമഞ്ഞിരിക്കുകയാണ്. അയാൾക്കെല്ലാം അറിയാമെന്നാണ് ധാരണ. എന്നാൽ അത് അയാളുടെ തെറ്റായ ധാരണ മാത്രമാണ്. അയാൾക്കൊന്നും അറിയില്ല എന്നതാണ് സത്യം. അറിവിന്റെ എല്ലാ മേഖലകളിലും നിന്നും അയാൾ ആട്ടി ഓടിക്കപ്പെട്ടിരിക്കുന്നു. ഇതേ മനുഷ്യനാണ് ഇപ്പോൾ ദൈവീക ദൃഷ്ടാന്ത പദ്ധതിക്കെതിരെയുള്ള ചുക്കാൻ പിടിക്കുന്നത്.

2015 ജനുവരി 5 ന് ഞാൻ ബ്രിട്ടണിൽ നിന്നും തിരിച്ചെത്തിയ ശേഷമാണ്, ലണ്ടനിൽ നടത്തിയ പ്രബോധന പ്രവർത്തനങ്ങൾ സംബന്ധമായി, ഖലീഫത്തുൽ മസീഹ് 5-ാ മന് അയച്ച രണ്ട് കത്തുകൾ സംബന്ധമായുള്ള വെബ്സൈറ്റ് ജോലികൾ ആരംഭിച്ചത് ! കത്തുകൾ അയച്ചതും തബ്ലീഗ് പ്രവർത്തനങ്ങൾ നടത്തിയതും 2014 ഡിസംബറിൽ ഞാൻ ലണ്ടനിലായിരിക്കുമ്പോഴാണ്. ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും 2015 മാർച്ച് 16 എന്ന് തീയതി വച്ച ഒരു കത്ത് 2015 മാർച്ച് 24 ന് എനിക്ക് ലഭിക്കുകയുണ്ടായി. അതിൽ കുറിച്ച കുറിപ്പുകൾ പാരസറ്റാമോൾ ഗുളികകളെ പോലെ വിരസത ഉണ്ടാക്കുന്നതായിരുന്നു. ഡോക്ടർമാർ തങ്ങളുടെ രോഗികൾക്ക് എപ്പോഴും തങ്ങളുടെ ആശുപത്രികളിൽ നിന്നും ഡിസ്പെൻസറികളിൽ നിന്നും അതേ ഗുളികകൾ തന്നെ കൊടുക്കുന്നു. ആ രോഗികൾക്ക് പല രീതിയിലുള്ള വേദനകളാണെങ്കിലും, പെട്ടെന്നുള്ള വേദന നിവാരിണി എന്ന നിലയിൽ പാരസറ്റാമോൾ തന്നെ കൊടുക്കുന്നു. അവരുടെ വേദനകൾക്ക് മറ്റൊരു മരുന്നും ഇല്ലാത്തതുപോലെ! അടിസ്ഥാനപരമായി പറഞ്ഞാൽ മുനീർ ജാവേദിന്റെ കാര്യവും ഇങ്ങനെതന്നെ !

ഖലീഫത്തുൽ മസീഹിന് പകരം മുനീർ ജാവേദ് സാഹിബ് മറുപടി പറയുന്നു. അദ്ദേഹം പറയുന്നു **"എന്റെ കത്ത് ഖലീഫത്തുൽ മസീഹിന് ലഭിച്ചു. അദ്ദേഹം വായിച്ചു. ഖലീഫ എഴുത്തിന്റെ ഉദ്ദേശ ശുദ്ധിയെ എതിർത്തില്ല. ക്ഷണക്കത്ത് സംബന്ധമായി ഖലീഫത്തുൽ മസീഹ് അഞ്ചാമൻ പറഞ്ഞ വാക്കുകളോ എന്തെങ്കിലും പ്രതികരണമോ മുനീർ ജാവേദ് പരാമർശിച്ചില്ല. മുനീർ ജാവേദ് രാജാവിനെക്കാൾ വലിയ സ്ഥാനം സ്വയം അലങ്കരിക്കുവാൻ ശ്രമിച്ചിരിക്കുന്നു. അദ്ദേഹം പറയുന്നു; പ്രാർത്ഥിക്കുന്നു. അതായത് സർവ്വശക്തനായ അല്ലാഹു എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കട്ടെ എന്നും അതോടൊപ്പം, നേർപാതയിൽ നിന്നും വഴിതെറ്റിപോയവരെ എല്ലാം നേർപാതയിൽ ആക്കട്ടെ എന്നും"** !

ഞങ്ങൾ വഴിതെറ്റിപോയ പാത ഏതാണെന്ന് മുനീർ ജാവേദിന് പ്രഖ്യാപിക്കാമോ ? ഞാൻ നിങ്ങളോട് പറയുന്നു അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു (ത) അവന്റെ പ്രകാശത്തെ ചൊരിച്ചിരിക്കുന്നു. എന്റെ മേൽ അവന്റെ ദൈവീക സന്ദേശങ്ങളെ ഇറക്കിയിരിക്കുന്നു. അല്ലാഹു (ത) അതിലൂടെ എന്റെ ഹൃദയത്തെ

പ്രകാശ ഭരിതമാക്കിയില്ലേ ? ഞാൻ മുനീർ ജാവേദിനെപോലെ ആയിരുന്നെങ്കിൽ, അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ ആകുമായിരുന്നു ഞാൻ. **"അവർ ബധിരരാണ്, ഊമകളാണ്, അന്ധരുമാണ്. അവർ (നേർപാതയിലേക്ക്) മടങ്ങുകയില്ലതന്നെ"**

മുനീർ ജാവേദ് ചെകിട് പൊട്ടനായപ്പോൾ, ദൈവീക ദൃഷ്ടാന്തത്തെ സംബന്ധിച്ച് ഊമയും അന്ധനുമായപ്പോൾ, ദൈവീക ദൃഷ്ടാന്തത്തിന് പുറം തിരിഞ്ഞു നിന്നപ്പോൾ, ഇത്തരം ആളുകളിൽ നിന്ന് അല്ലാഹു സ്വയം തന്നെ, അവരിൽ നിന്ന് പ്രകാശത്തെ മാറ്റി കളഞ്ഞു. അവനെയും അവനെപോലെ ഉള്ളവരെയും അന്ധകാരത്തിൽ ഉപേക്ഷിച്ചു. അതുകൊണ്ട് അവർ ഒന്നും തന്നെ കാണുകയില്ല.

താൻ 100 ശതമാനവും നേർപാതയിലാണെന്ന് മുനീർ ജാവേദിന് പറയുവാൻ കഴിയുമോ ? സ്വർഗ്ഗം തനിക്ക് വേണ്ടി ബുക്ക് ചെയ്തിരിക്കുകയാണെന്ന് പറയുവാൻ കഴിയുമോ ? ഞാൻ ലോകത്തെ അഭിസംബോധന ചെയ്യുന്ന സന്ദേശങ്ങളെ സംബന്ധിച്ച് അയാൾക്ക് സംശയമുണ്ടെങ്കിൽ, അയാൾ മുന്നോട്ട് വരട്ടെ! എന്നിട്ട് താൻ നേർപാതയിലാണെന്ന് തെളിയിക്കട്ടെ ! അതിന് ആരുടെ വേണമെങ്കിലും സഹായവും തേടട്ടെ. എന്നിട്ട് തെളിയിക്കട്ടെ ഞങ്ങൾ (ഞാനും ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ദൂതനെയും ദൈവീക ദൃഷ്ടാന്തങ്ങളെയും, അടയാളങ്ങളെയും അംഗീകരിച്ചവർ) വഴികേടിലാണെന്ന്! എന്നെ സംബന്ധിച്ചിടത്തോളം എന്നെ അല്ലാഹു (ത) യാണ് നിയോഗിച്ചിരിക്കുന്നത്, നിങ്ങളുടെ കയ്യിൽ ഉള്ളതിനെ സത്യപ്പെടുത്തിക്കൊണ്ട് ! അതുകൊണ്ട് നിങ്ങൾക്ക് ഒരു ഉത്തരം തരാനില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ വായിൽ ഒരു കല്ലെടുത്ത് വയ്ക്കുക; വിഡ്ഢിത്വം പുലമ്പാതിരിക്കുവാൻ സാധിക്കുമല്ലോ. അങ്ങനെ ആവശ്യമില്ലാത്ത മതവിധികൾ പുറപ്പെടുവിക്കാതിരിക്കുവാൻ സാധിക്കുമല്ലോ.

പരുഷ പെരുമാറ്റം കൊണ്ടും സംസാരം കൊണ്ടും ഒരർത്ഥവുമില്ല. എല്ലാ ദൈവ ദൂതൻമാരും പരുഷപെരുമാറ്റങ്ങളും സംസാരങ്ങളും നേരിട്ടിട്ടുള്ളവരാണ്. അക്കാരണത്താൽ വിശ്വാസികൾ ഒരിക്കലും ഒരു പ്രവാചകനെയും നിരസിച്ചിട്ടില്ല. മുനീർ ജാവേദിനെ പോലുള്ള മുല്ലാക്കൾ വാഗ്ദത്ത മസീഹ് (അ) ന്റെ പരിശുദ്ധ അധ്യാപനങ്ങളെ കളങ്കപ്പെടുത്തിയിരിക്കുന്നു. വാഗ്ദത്ത മസീഹ് (അ) ന്റെ ജമാഅത്തിൽ ഒരു ഭിന്നതയും ഉണ്ടാകാൻ പാടില്ലാത്തതാണ്. ഈ പരിപാവന അധ്യാപനങ്ങൾ സ്വീകരിച്ച ശേഷം തർക്ക വിതർക്കങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. നിങ്ങൾ യഥാർത്ഥത്തിൽ നേർപാതയിലാണെങ്കിൽ, നിങ്ങൾ സ്വയം വിനയം കൈക്കൊള്ളേണ്ടതാണ്. നേർപാതയിൽ നിന്നും വഴി തെറ്റി പോയവരെ നേർപാതയിലേക്ക് മടക്കി കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു വിഭാഗം നിങ്ങളിൽ നിന്നുള്ള പ്രതിരോധ നിലയിൽ നിന്നും ഉരുത്തിരിഞ്ഞു വരേണ്ടതാണ്. ശരി എന്താണെന്ന് അവർ കൽപ്പിക്കണം. അല്ലാഹു നിരോധിച്ചത് എന്താണെന്ന് അവർ പറയണം. വിശുദ്ധ ഖുർ ആൻ അനുസരിച്ച് !

ജമാഅത്ത് അഹ്മദിയ്യായിലെ ഈ പറയപ്പെട്ട മുല്ലാക്കൾ നൽകുന്ന ഫത്‌വകളും പെരുമാറ്റങ്ങളും നിങ്ങൾ അപഗ്രഥിച്ചാൽ മറ്റുള്ളവരുടെ വിശ്വാസങ്ങളെപ്പറ്റി വിധി പറയുവാൻ ഉള്ള ലൈസൻസ് അവർക്ക് നൽകപ്പെട്ടിരിക്കുന്നു എന്ന് തോന്നും. അവർ സ്വയം തന്നെ മോശപ്പെട്ടവരാണ് എന്ന് നിങ്ങൾക്ക് മനസ്സിലാകും. നമ്മുടെ പ്രവാചകൻ (സ) സമ്പൂർണ്ണ മാതൃക പുരുഷനാണ്. 23 വർഷം കൊണ്ട് അദ്ദേഹത്തിന് സമ്പൂർണ്ണ ഗ്രന്ഥവും നൽകപ്പെട്ടു. എന്നിട്ട് അദ്ദേഹത്തിന് പോലും മറ്റുള്ളവരുടെ വിശ്വാസത്തെ അളക്കുവാനുള്ള അനുവാദം നൽകപ്പെട്ടിട്ടില്ല. പ്രവാചകനെന്ന നിലയിൽ അദ്ദേഹത്തിന്റെ ജീവിതകാലത്തുണ്ടായ ത്രസിക്കുന്ന ഒരു സംഭവം ഇങ്ങനെയാണ്. അതിന്റെ ചുരുക്കം മാത്രം ഇവിടെ അനുസ്മരിക്കുന്നു. യുദ്ധ സമയം ഒരു മുസ്ലീം പോരാളി മുസ്ലീമല്ലാത്ത പോരാളിയുമായി പോരാടി. ശത്രു നിലത്തു വീണപ്പോൾ, അവനെ കൊല്ലുവാൻ മുസ്ലീം പടയാളി ഖഡ്ഗം ഉയർത്തിയപ്പോൾ, ശത്രു പറഞ്ഞു **"ലാ ഇലാഹ ഇല്ലല്ലാഹ്"** മുഹമ്മദ് റസൂലു

ല്ലാഹ് എന്നു പറഞ്ഞില്ല. വിശ്വാസ പ്രഖ്യാപനം നടത്തിയെങ്കിലും മുസ്ലീം പടയാളി അദ്ദേഹത്തെ വധിച്ചു. സംഭവം പ്രവാചക പ്രഭുവിന്റെ മുമ്പിലെത്തി. പ്രവാചകർ അതീവ കോപാകുലനായി. മുസ്ലീം പടയാളിയെ വിളിച്ചുവരുത്തി ചോദിച്ചു. വിശ്വാസ പ്രഖ്യാപനം നടത്തിയ ശേഷവും അദ്ദേഹത്തെ വധിച്ചതെന്തേ ? താൻ ചെയ്ത പ്രവർത്തിയെ ന്യായീകരിച്ചുകൊണ്ട് മുസ്ലീം പടയാളി പറഞ്ഞു. ചോദ്യം ചെയ്യലിൽ നിന്നും എനിക്ക് മനസ്സിലായി അയാളുടെ അന്ത്യം അടുക്കാറായി. അപ്പോൾ രക്ഷപ്പെടാനുള്ള ഒരു തന്ത്രം പ്രയോഗിച്ചതാണെന്ന്. അങ്ങനെയാണ് **"ലാ ഇലാഹ ഇല്ലല്ലാഹ്"** എന്ന് പറഞ്ഞത്. കോപാകുലനായ പ്രവാചകൻ (സ) പറഞ്ഞു. **"താങ്കൾ അയാളുടെ ഹൃദയത്തിൽ കയറി നോക്കിയോ, അയാൾ രക്ഷപ്പെടാൻ വേണ്ടി മാത്രമാണ് അത് പറഞ്ഞതെന്ന്"**

പരിശുദ്ധ പ്രവാചകൻ (സ) അസാധാരണമായ ഒരു പാഠമാണ് ഈ സംഭവത്തിലൂടെ നൽകിയിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിൽ, മുനീർ ജാവേദിനെപ്പോലെയും, മജീദ് താഹിറിനെപ്പോലെയും അങ്ങനെ മറ്റ് പലരെയും നിങ്ങൾക്ക് കാണാം. അവർ ഫത്വകൾ പുറപ്പെടുവിക്കുന്നു. ഈ ഫത്വകൾ അഹ്മദികൾ അന്ധമായി സ്വീകരിക്കുന്നു.; അല്ലാഹുവിൽ നിന്ന് വരുന്ന സന്ദേശങ്ങൾ പോലെ !

ദൈവീക വെളിപാടുകളുമായി, ഈ നൂറ്റാണ്ടിലേക്ക് അല്ലാഹു (ത) തന്റെ ദൂതനെ നിയോഗിച്ചു. ഇപ്പോൾ അവർ അതിനെതിരെ നിൽക്കുന്നു. അവർ വളരെ ക്രൂരമായി ഈ വെളിപാടുകളെ **"സാത്താനിക വെളിപാടുകൾ"** എന്ന് പേര് നൽകുന്നു. ഈ വെളിപാടുകൾ അപ്രകാരമുള്ളതാണെന്ന് ഓരോരുത്തരെയും വിശ്വസിപ്പിക്കുവാൻ കഠിനമായി യത്നിക്കുന്നു. അപ്പോൾ ജനങ്ങൾ ഇവ തെറ്റായ വെളിപാടുകൾ ആണെന്ന് അന്ധമായി വിശ്വസിക്കുന്നു. വിഡ്ഢിത്വത്തിനും ഒരു പരിധിയുണ്ടെന്ന് ഓർക്കണം. ഇത്തരം ആളുകൾക്ക് അല്ലാഹുവിനെക്കുറിച്ചുള്ള ഭയം അവരുടെ ഹൃദയത്തിൽ ഉണ്ടായിരിക്കില്ല. എന്നാൽ സൃഷ്ടികളോടുള്ള ഭയം അവർക്ക് വളരെ കൂടുതലായിരിക്കും.

അവരുടെ വിഗ്രഹമൂർത്തികളെ തൃപ്തിപ്പെടുത്തുവാനായി, വിശ്വാസത്തിന് പകരം വിശ്വാസ നിരാസത്തിന് അവർ ചാഞ്ഞുകൊടുക്കുന്നു. അവരുടെ ഹൃദയങ്ങളിൽ ഇല്ലാത്തത് അവരുടെ വായ്കൊണ്ട് പറയുന്നു. അവർ മറച്ച് വയ്ക്കുന്നത് അല്ലാഹു അറിയുന്നു. എല്ലാവരുടെയും മുമ്പിൽ, ഇത്തരം ആളുകൾ അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് നിങ്ങളോട് സംസാരിക്കും. എന്നാൽ അവർ നിങ്ങളെ നേർപാതയിൽ നയിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? മതത്തിന്റെ പരമാധ്യക്ഷർ എന്ന നിലയിൽ അവർ വർത്തിക്കുന്നു. അവർ വിചാരിക്കുന്നു അവർക്കെല്ലാം അറിയാമെന്ന് ; അവരുടെ മുമ്പിൽ മറ്റുള്ളവർ ഒന്നും അറിയാൻ പാടില്ലാത്തവർ ! ഒന്നിനും കൊള്ളാത്തവർ ! അജ്ഞരായ ആളുകൾക്ക് മാത്രം പറയാൻ കഴിയുന്നതാണ് ഇത്. അദ്ദേഹം ഖലീഫയ്ക്കെഴുതി. ഖലീഫ ആ കത്തുകൾ പരിഗണനയ്ക്ക് പോലും എടുത്തില്ല. മറ്റുള്ളവരാണ് അതായത് മുനീർ ജാവേദിനെപ്പോലുള്ളവരാണ് അദ്ദേഹത്തിന് പകരം ഉത്തരം കൊടുക്കുന്നത് ! അയാൾ ചിന്തിക്കുന്നില്ലേ ? കാര്യങ്ങൾ ഇങ്ങനെയാണെങ്കിൽ അയാൾക്ക് ഖലീഫയുടെ തന്നെ ആവശ്യമില്ലെന്ന് !

മനസ്സിലാക്കുക അല്ലാഹുവിന്റെ ഒരു യഥാർത്ഥ ദാസൻ  അവൻ ചെയ്യുന്നതെല്ലാം, അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയാണ്. മനുഷ്യന്റെ തൃപ്തിക്ക് വേണ്ടിയല്ല. ജനങ്ങൾ പറയുന്നതിനെ അവൻ ഭയപ്പെടുന്നതുമില്ല. സന്ധിക്കായി ഞാനൊരു കാല് മുന്നോട്ട് വച്ചെങ്കിൽ, അഭിപ്രായ വ്യത്യാസങ്ങളൊക്കെ മറക്കാമെന്ന് പറഞ്ഞെങ്കിൽ, അത് അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടിയാണ്. അങ്ങനെ നമ്മൾ ഒന്നായി ചേരുന്നെങ്കിൽ, അത് അല്ലാഹുവിന്റെ സന്തോഷത്തിന് വേണ്ടിയാണ്; അല്ലാഹുവിന്റെ സന്ദേശത്തെ നല്ല നിലയിൽ പ്രബോധിക്കാനാണ് ; വിശിഷ്യാ നമ്മൾ ഒരേ മതത്തിലായിരിക്കുമ്പോൾ, അല്ലാഹു (ത) പൂർത്തീകരിച്ചു തന്ന മതം, അല്ലാഹു (ത) പേരിട്ടു തന്ന മതം; ഇസ്ലാം ; അത്തരം ഒരു മതത്തിൽ ഒരേ ഒരു സത്തയെ കാണാൻ പാടുള്ളൂ. അത് അതേ നിലയിൽ നിൽക്കുകയും വേണം. (അതായത് അത് ഒന്നായിരിക്കണം സുസംഘടിത അസ്ഥിത്വ

വുമായിരിക്കണം)

ഇന്ന് ഇസ്ലാമിൽ അനേകം കക്ഷികൾ ഉണ്ടായിരിക്കുന്നു, അഹ്മദിയ്യാ പ്രസ്ഥാനത്തിലും അത് സംഭവിച്ചിരിക്കുന്നു. അതിനാൽ അഹ്മദിയ്യാ പ്രസ്ഥാന ഖലീഫയോട് ഇത്തരം ഒരു അഭ്യർത്ഥന നടത്തേണ്ടത് എന്റെ ബാധ്യതയല്ലേ ? ജനങ്ങൾ പറയുന്നത് കേട്ട് ഞാൻ വിഷമിക്കേണ്ടതുണ്ടോ ? ഏതൊരു ഖലീഫയെ ലക്ഷ്യമാക്കി സന്ദേശം നൽകിയോ, അദ്ദേഹം പോലും അത് പരിഗണിച്ചില്ല !

ആയതിനാൽ, ഓരോ വ്യക്തിയും തങ്ങളുടെ പ്രവർത്തനത്തിന് ഉത്തരവാദികളാണ്. അല്ലാഹുവിന്റെ തെരെഞ്ഞെടുക്കപ്പെട്ട ഒരു ദാസൻ എന്ന നിലയിലുള്ള എന്റെ ഉത്തരവാദിത്വം ഇസ്ലാമിന് വേണ്ടി ഞാൻ നിർവ്വഹിച്ചു. അതോടൊപ്പം, പലപ്രാവശ്യം, ഭിന്നിച്ചു നിൽക്കുന്ന എല്ലാ ജമാഅത്തുകളെയും വീണ്ടും വീണ്ടും ഭിന്നിക്കുന്ന ജമാഅത്തുകളെയും ഒന്നിക്കുവാൻ ആഹ്വാനം ചെയ്യുകയുണ്ടായി. ഇസ്ലാം എന്ന ശരീരം അനേകം കഷണങ്ങളായി മുറിച്ചിരിക്കുകയാണ്. അവ ഓരോന്നും വിവിധ ദിശകളിലേക്ക് എറിയപ്പെട്ടിരിക്കുന്നു. ആയതിനാൽ അവിശ്വാസികൾ, ഇസ്ലാമിനെ അൽപംപോലും ഇഷ്ടപ്പെടാത്തവർ, അവർക്ക് ഇസ്ലാമിനെ നശിപ്പിക്കുവാൻ ഒരവസരം ലഭിച്ചിരിക്കുകയാണ്. ഈ അനൈക്യം ഇസ്ലാമിന്റെ സർവ്വ നാശത്തിന് കാരണമായി തീരുന്നതാണ്. കാരണം അവർ മനസ്സിലാക്കിയിരിക്കുന്നു, നാം സുസംഘടിതരല്ലായെന്ന്; നാം പരസ്പരം പോരടിക്കുകയാണെന്ന് ; നാം ഒരേ ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും ! ഒരേ ഖുർആനിൽ വിശ്വസിക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും ! (ആ ഗ്രന്ഥം മുത്തഖീങ്ങൾക്കുള്ളതാണ്. മുത്തഖീങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നവരും സത്യപാത പിൻപറ്റുന്നവരുമാണ്) നമുക്കിടയിൽ യോജിപ്പിന്റെ ഒരു സാധ്യതയുമില്ലെന്ന് ശത്രുക്കൾ മനസ്സിലാക്കിയിരിക്കുന്നു. മുസ്ലീം സഹോദരങ്ങൾ മുസ്ലീം സഹോദരങ്ങളെ തന്നെ വധിക്കുന്നു. എന്നിട്ട് അവർ ഒരേ വിശ്വാസത്തിൽപ്പെട്ടവരാണെന്ന് പറയുകയും ചെയ്യുന്നു. ഒരു യഥാർത്ഥ അല്ലാഹുവിന്റെ സേവകന് ഇത് എല്ലാം കണ്ട് അടങ്ങിയിരിക്കുവാൻ കഴിയുകയില്ല. ഒരിക്കൽ കൂടി ഒരുമിക്കുവാൻ മുസ്ലീം ലോകത്തോട് അദ്ദേഹം അഭ്യർത്ഥന നടത്തി. അഭിപ്രായ വ്യത്യാസങ്ങൾ മറക്കാൻ പറഞ്ഞു. അല്ലാഹുവിന്റെ തൃപ്തിക്കായി നമ്മുടെ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റി വയ്ക്കാം. അവന്റെ ദൂതൻ (സ) യും അവന്റെ മസീഹ് (അ) ഒന്നായതു പോലെ. കാരണം **"ഐക്യമത്യം മഹാബലം"**. നമ്മുടെ ഭീകരതയും മറ്റു വാദങ്ങളും മാറ്റി വയ്ക്കാം; എന്നിട്ട് നമുക്ക് അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കാം, അവൻ ചെയ്യാൻ പറഞ്ഞത് നമുക്ക് ചെയ്യാം. പൊതുജനം പറയുന്നതിന് പ്രാധാന്യം നൽകാതിരിക്കാം ഇതിനെ പരിഹസിക്കുന്നതു അജ്ഞൻമാരായ വിഡ്ഢികൾ മാത്രമാണ്. ബുദ്ധിമാൻമാർ ഒരിക്കലും അപ്രകാരം ചെയ്യില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള മഹത്തായ യത്നമായി ബുദ്ധിമാൻമാർ ഇതിനെ കാണുന്നു. ഇത് അല്ലാഹുവിന്റെ കൽപനയാണെന്നും ഇത് പ്രാവർത്തികമാക്കേണ്ടതാണെന്നും അവർ മനസ്സിലാക്കുന്നു. അല്ലാഹു (ത) പറയുന്നു. **" അല്ലാഹുവിന്റെ പാശത്തെ നിങ്ങളെല്ലാപേരും ചേർന്ന്, മുറുകെ പിടിക്കുക. നിങ്ങൾ ഛിന്നഭിന്നമായി പോകരുത്"**

നമ്മിൽ നിന്നും അല്ലാഹു ആഗ്രഹിക്കുന്നത് എന്താണെന്ന് നാം മനസ്സിലാക്കുന്നില്ലെങ്കിൽ, നമ്മുടെ കാര്യം വളരെ കഷ്ടമാണ്. അല്ലാഹുവിന്റെ പാശം എന്നതുകൊണ്ട് ഇവിടെ നിശ്ചയമായും അർത്ഥമാക്കുന്നത്, ഏക ദൈവവുമായി ബന്ധപ്പെട്ടു നിൽക്കുക എന്നതാണ്. അല്ലാഹുവിന്റെ ഏകത്വവുമായി നിങ്ങൾ ബന്ധപ്പെട്ട് നിൽക്കുമ്പോൾ, അപ്പോൾ നിങ്ങൾക്ക് അല്ലാഹുവിൽ ഭയമുണ്ടായി വരും; അങ്ങനെ അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കാൻ തുടങ്ങും. ദൈവീക കല്പന ഒന്നു പോലും അപ്പോൾ നിങ്ങൾ നിരസിക്കുകയില്ല; മാത്രമല്ല ഗർവോടെ നിങ്ങൾ ദൈവീക അധ്യാപനങ്ങളെ ചവിട്ടി മെതിക്കുകയില്ല. എന്നാൽ ഇന്ന് നാം കാണുന്നത് എന്താണ് ? ഈ അധ്യാപനങ്ങളെ ചവിട്ടി മെതിക്കുന്നു,അതുപോലെ പ്രവാചകത്വത്തിന്റെ

വാതിൽ, പ്രവാചകൻമാർ വരുന്ന വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുന്നു. (ഇത്തരം ആളുകളിലൂടെ) എന്നിട്ട വർ പറയുന്നു ഒരു പ്രവാചകനും വരില്ല, മാത്രമല്ല ദൈവീക വെളിപാടുകളുടെ വാതിലുകളും അടയ്ക്ക പ്പെട്ടിരിക്കുന്നു. അങ്ങനെ ജമാഅത്ത് അഹ്മദിയ്യായുടെ എല്ലാ വിശ്വാസ്യതയും നഷ്ടമായിരിക്കുന്നു. മനു ഷ്യർ തെരഞ്ഞെടുത്ത ഖലീഫയ്ക്ക് മാത്രമാണ് വെളിപാട് ലഭിക്കുന്നതെന്നും, അദ്ദേഹം മാത്രമാണ് ആത്മീയ നേതാവെന്നും, അല്ലാഹുവിന് തന്റെ ഖലീഫയെ വെളിപാടുകളോടെ നിയോഗിക്കുവാനുള്ള കഴിവില്ലായെന്നും അവർ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു.

ഈ വിഷയം സംബന്ധമായി ധാരാളം പറയുവാനുണ്ട്. കഴിഞ്ഞ കാലത്ത് നടത്തിയ അനേകം വെള്ളി യാഴ്ച ഖുത്തുബകളിൽ ഇത് പരമാർശിച്ചിട്ടുണ്ട്. അതു പോലെ വെബ്സൈറ്റിലും ഈ വിഷയം ലഭ്യമാണ്.

ജമാഅത്തിന്റെ തലപ്പത്ത് ഇരിക്കുന്ന ഇത്തരം ആളുകൾ അല്ലാഹുവിന്റെ പാതയിൽ നിന്നും ജന ങ്ങളെ തടയുന്നത് വളരെ ദൗർഭാഗ്യകരം തന്നെ. ഈ ആളുകളാണ് വിശ്വാസികളെ ബഹിഷ്ക്കരിക്കുവാനു ള്ള കൽപ്പനകൾ പുറപ്പെടുവിക്കുന്നത്. അവരുമായി ചേരരുതെന്നും കുടുംബ ചടങ്ങുകളിൽ ക്ഷണിക്കരു തെന്നും മറ്റും ! യഥാർത്ഥ മാർഗ്ഗ ദർശനത്തെ (ഹിദായത്ത്) പിൻപറ്റി വിശ്വാസികൾ ആകുന്നതിനെ അവർ ഭയപ്പെടുന്നു. അധികാര സോപാനങ്ങളിൽ ഇത്തരം ആളുകൾ ചമ്രംപടിഞ്ഞ് ഇരിക്കുമ്പോൾ, അവർ ദൈവീക അധ്യാപനങ്ങളെ ചവിട്ടി മെതിക്കുന്നു, സത്യത്തെ അസത്യം കൊണ്ട് മറയ്ക്കുവാൻ ശ്രമിക്കുന്നു. അവർ സത്യത്തെ മറയ്ക്കുകയാണ്, ഈസത്യം സത്യമാണെന്നവർക്ക് നല്ലതുപോലെ അറിയാം, അവർ അവർതന്നെ യാണ് ഇസ്ലാമിൽ കുഴപ്പം സൃഷ്ടിക്കുന്നത്. ജമാ അത്ത് അഹ്മദിയ്യായിലും അവർ തന്നെയാണ് കുഴപ്പകാരി കൾ.

വിവിധ കക്ഷികളായി തന്റെ സൃഷ്ടികൾ, ദാസന്മാർ കഴിയുന്നതിനെ അല്ലാഹു (ത) ഇഷ്ടപ്പെടുന്നി ല്ല. അല്ലാഹു (ത) പറയുന്നു **"ഭിന്നിച്ചവരെ പോലാകരുത് നിങ്ങൾ, വ്യക്തമായ ദൃഷ്ടാന്തങ്ങൾ വന്ന് കിട്ടിയ ശേഷം അവർ വിഭിന്ന ചേരിയിലായി തീർന്നു."** മറ്റൊരു വചനത്തിൽ അല്ലാഹു (ത) പറയുന്നു. **" നിങ്ങൾ അല്ലാഹുവിന്റെ സംരക്ഷണയിലായി തീരുക, നിങ്ങൾ വിജയികളായി തീർന്നേക്കാം"** ഒരു വിശ്വാസി എപ്പോഴും തന്റെ സൃഷ്ടാവിന്റെ സംരക്ഷണയിലായിരിക്കണം. തങ്ങളുടെ സൃഷ്ടാവിലുള്ള വിശ്വാസരാഹിത്യം മൂലം ആളു കൾ സൃഷ്ടിയുടെ സംരക്ഷണം തേടുന്നതായി കാണാം. ആ സൃഷ്ടിയേയും അല്ലാഹുവാണ് സൃഷ്ടിച്ചത് എന്ന കാര്യം അവർ മറന്നു പോകുന്നു. അവരോട് ചെയ്യുവാൻ കൽപ്പിച്ചതിന് വിപരീതം ചെയ്യുന്നവരാണ് അവർ. സൃഷ്ടികളുടെ വാതിലിൽ അവർ മുട്ടുന്നു, അവർ കുഴപ്പത്തിലകപ്പെടുമ്പോൾ ! സൃഷ്ടികളുടെ വാതിലുകളിൽ മുട്ടിയശേഷം, അവർക്ക് പരിഹാരം ഒന്നും ലഭിച്ചില്ലെങ്കിൽ, അവർ സൃഷ്ടാവിന്റെ വാതിലുക ളിൽ മുട്ടുന്നു. മറിച്ച്, ഒരു നിഷ്കളങ്ക വിശ്വാസി, സന്തോഷ വേളകളിലും സന്താപ വേളകളിലും അവൻ എപ്പോഴും എല്ലാത്തിനുമുപരിയായി അല്ലാഹുവിന്റെ സംരക്ഷണം തേടുന്നു. അവൻ എവിടെയായിരുന്നാലും അവനെ വിജയിപ്പിക്കുവാൻ അല്ലാഹുവിന് മാത്രമേ കഴിയുകയുള്ളൂ. എന്ന് അവന് നല്ലതു പോലെ അറി യാം. ഈ ആത്മാർത്ഥ വിശ്വാസി, നന്നായി മനസ്സിലാക്കുന്നു, അവന്റെ അന്ന പാനീയങ്ങളും, ജീവിതവും, മഹത്വവും, അന്തസും, ജോലിയും, എല്ലാം തന്നെ അവനെ സൃഷ്ടിച്ചവന്റെ കരങ്ങളിലാണെന്ന് ! അവനാണ് അവന് ജീവിതം നൽകിയത്, ഇൻശാ അല്ലാഹ് അവനാണ് അവനെ മരിപ്പിക്കുന്നത്, അവൻ മടങ്ങി പോകു ന്നതും അവന്റെ സൃഷ്ടാവിലേക്കാണ്, വിധിനാളിൽ അവന്റെ മുമ്പാകെയാണ് അവനെ ഹാജരാക്കപ്പെടുന്ന ത്. ആയതിനാൽ, മനുഷ്യർ നിശ്ചയമായും തന്റെ സൃഷ്ടാവിനോട് നന്ദിയുള്ളവരായിരിക്കണം, അവന്റെ മാത്രം സഹായമാണ് തേടേണ്ടത്, എന്ത് തന്നെ സംഭവിച്ചാലും തന്റെ സൃഷ്ടാവിൽ അവൻ സകലതും ഭര മേൽപ്പിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറഞ്ഞതു പോലെ **"നിശ്ചയം വിശ്വാസികൾ**

**അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നവരാണ്."**

അല്ലാഹുവിനോട് എപ്പോഴും നന്ദിയുള്ളവരായിരിക്കുവാൻ അല്ലാഹു നമ്മെ സഹായിക്കട്ടെ! അവനിൽ നമ്മുടെ കാര്യങ്ങൾ ഭരമേൽപ്പിക്കുവാൻ സഹായിക്കട്ടെ ! എന്തു തന്നെ സംഭവിച്ചാലും അവൻ കല്പിച്ചതു ചെയ്യുവാൻ നമ്മെ പ്രാപ്തമാക്കട്ടെ ! അവന്റെ അധ്യാപനങ്ങളെ കളങ്കപ്പെടുത്തുന്ന സൃഷ്ടികളുടെ വാക്കുകൾ അനുസരിക്കുവാൻ ഇടവരാതിരിക്കട്ടെ ! സർവ്വ ശക്തിയും അല്ലാഹുവിന്റെ കരങ്ങളിലാണ് ! അവൻ ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നു. അവൻ പ്രവർത്തിക്കുന്നതിനെ തടയുന്ന ഒരു സൃഷ്ടിയും പ്രപഞ്ചത്തിൽ ഇല്ല. അവൻ ഉദ്ദേശിക്കുന്നവനെ അവൻ ഉയർത്തുന്നു, അവൻ ഉദ്ദേശിക്കുന്നവനെ അവൻ നിന്ദ്യനാക്കുന്നു. അവനാണ് സർവ്വാധികാരി. നമ്മുടെ കടമ അവനിലുള്ള വിശ്വാസത്തിൽ നാം ഉറച്ചു നിൽക്കുക എന്നതാണ്. അവൻ വിശ്വസിക്കുവാൻ പറഞ്ഞതൊക്കെയും വിശ്വസിക്കുക. ഈ വിശ്വാസത്തിൽ നിന്നും നമ്മെ വ്യതിചലിപ്പിക്കുവാൻ ഒരു സൃഷ്ടികൾക്കും സാധ്യമല്ല. സൃഷ്ടാവിന് പകരം സൃഷ്ടികളെ നാം അനുസരിച്ചാൽ, ഈ സൃഷ്ടികൾ നമ്മെ നേർപാതയിൽ നിന്നും വ്യതിചലിപ്പിക്കും, അവരുടെ വിഡ്ഢിത്വത്തിലും അജ്ഞതയിലും നാമും അകപ്പെടും. ഹസ്രത് മുഹമ്മദ് (സ) യുടെ ഉമ്മത്തിനെ അല്ലാഹു സംരക്ഷിക്കട്ടെ ! സങ്കുചിതരും അജ്ഞരുമായ ഒരുപിടി ആളുകൾ വിശ്വാസം കൊടുക്കുവാനുള്ള അധികാരവും അവകാശവും അവരുടെ കൈകളിലാണെന്ന് കരുതുന്നവരിൽ നിന്നും അഹ്മദിയ്യാ ജമാഅത്തിനെ അല്ലാഹു സംരക്ഷിക്കട്ടെ ഇൻശാ അല്ലാഹ് ആമീൻ !.


<u>**Translated & Issued By**</u>
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************